K25P 3497

Reg. No. : ..............................

Name : ..................................

**I Semester M.A. Degree (C.B.C.S.S. – OBE-Reg./Supple./Imp.)**
**Examination, October 2025**
**(2023 Admission Onwards)**

**മലയാളം**

**MAMAL01C03 : മലയാളസാഹിത്യവിമർശനം – 1**

Time : 3 Hours

Max. Marks : 80

I. **5** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **ഓരോന്നും ഒരു പുറ**ത്തിൽ കവിയരുത്.

**(5×4=20)**

1) നിഷ്പക്ഷനിരൂപണം എന്തെന്ന് വിശദീകരിക്കുക.

2) നളചരിതം ആട്ടക്കഥയുടെ പ്രധാന സവിശേഷതകളായി ഏ. ആർ. ചൂണ്ടിക്കാണിക്കുന്നതെന്തെല്ലാം ? ചർച്ച ചെയ്യുക.

3) സി. പി. അച്യുതമേനോന്റെ തൂലികയെ നിരൂപകയമദണ്ഡം എന്നാണ് വടക്കുംകൂർ രാജരാജവർമ്മ വിശേഷിപ്പിച്ചത്. ഈ പ്രസ്താവനയുടെ സാംഗത്യം സരസ്വതീവിജയം നിരൂപണത്തെ അടിസ്ഥാനമാക്കി പരിശോധിക്കുക.

4) ആഖ്യായിക എന്നാലെന്ത് ? ആഖ്യായികയുടെ പ്രധാന സവിശേഷതകൾ ഉദാഹരണസഹിതം വിശദീകരിക്കുക.

5) "സന്യാസിയിൽ ജീവിതവും ആവിഷ്കാരവും തമ്മിൽ അകലം കാണില്ല" – അഴീക്കോടിന്റെ നിരീക്ഷണം വിശകലനം ചെയ്യുക.

6) ഗുരുസാഗരത്തെ ആദ്ധ്യാത്മിക ചികിത്സയായി കാണുന്നതിന്റെ യുക്തി പരിശോധിക്കുക.

II. **3** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **ഓരോന്നും മൂന്നു പുറ**ത്തിൽ കവിയരുത്.

**(3×8=24)**

7) "പുരുഷമേധാവിത്വപരമായ സാമൂഹികസ്ഥിതിയുടെ സൃഷ്ടിയാണ് പുരാതന സാഹിത്യത്തിലെ സ്ത്രീകൾ" – മുണ്ടശ്ശേരിയുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

8) "ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായം ചന്തുമേനോന്റെ ഫിലോസഫി മാത്രമല്ല അദ്ദേഹത്തിന്റെയുള്ളിലെ ശാസ്ത്രബോധം കൂടിയാണ് " – ഇക്കാര്യം പി. കെ. ബാലകൃഷ്ണൻ സമർത്ഥിക്കുന്നതെങ്ങനെ ?

P.T.O.

9) "ഇടപ്പള്ളിക്കവിതകളിലെ മൃത്യുബോധം അദ്ദേഹത്തിന്റെ മരണാഭിമുഖ്യത്തിന്റെ തെളിവാണ്" – കെ. പി. അപ്പന്റെ നിരീക്ഷണം വിശകലനം ചെയ്യുക.

10) ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ വിമർശനപദ്ധതി പരിചയപ്പെടുത്തുക.

11) എൻ. എസ്. മാധവന്റെ കഥാലോകത്തെക്കുറിച്ചുള്ള വി. രാജകൃഷ്ണന്റെ നിരീക്ഷണങ്ങൾ വിശദീകരിക്കുക.

III. **3** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **ഓരോന്നും അഞ്ചു പുറ**ത്തിൽ കവിയരുത്. **(3×12=36)**

12) മലയാളത്തിലെ മനഃശാസ്ത്രനിരൂപണപദ്ധതി പരിചയപ്പെടുത്തുക.

13) ദ്വിതീയാക്ഷരപ്രാസവാദം എന്നാലെന്ത് ? അനുകൂലവും പ്രതികൂലവുമായ നിലപാടുകൾ ചർച്ച ചെയ്യുക.

14) ആധുനികവിമർശനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? വിശദീകരിക്കുക ?

15) "കാളിദാസനെ അനുകരിക്കാൻ ശ്രമിച്ച സന്ദേശകർത്താക്കൾക്കുള്ള മറുപടിയാണ് മുണ്ടയ്ക്കൽ സന്ദേശം" – മാരാരുടെ നിഗമനങ്ങൾ ക്രോഡീകരിക്കുക.

16) "നിരൂപകന് ശാസ്ത്രീയജ്ഞാനമല്ല ഭാവനയാണ് ആവശ്യം" – വിമർശനാത്മകമായി വിലയിരുത്തുക.

---